5. ബോർഡിന്റെ പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തി പ്രസരണവിതരണ നഷ്ടം കുറയ്ക്കുകയും അതുവഴി വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.

6. കുവ്യൂട്ടറൈസേഷൻ വഴിയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും അതുവഴി ചെലവുകൾ കുറയ്ക്കുന്നതിനും വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

7. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് വൈദ്യുതി ഉപഭോഗം കുറച്ച് വൈദ്യുതി വാങ്ങൽചെലവ് കുറയ്ക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

പ്രസരണ വിതരണ വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.). ഈ പദ്ധതി കേരളത്തിലെ 43 ടൗണുകളിൽ നടപ്പിലാക്കി വരുന്നു. 1078 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി കേന്ദ്ര സർക്കാർ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മീറ്റർ ചാർജ്ജും വീലിങ്ങ് ചാർജ്ജും

26 (7862) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ ചാർജ്ജും, വീലിങ്ങ് ചാർജ്ജും എന്നിവ പുനർനിർണ്ണയം ചെയ്യണമെന്ന് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 30-5-2014-ലെ കത്തിലൂടെ ഓപ്പൺ അക്സസ് ഉപഭോക്താക്കൾക്കായുള്ള ട്രാൻസ്മിഷൻ ചാർജ്ജ് വീലിംഗ് ചാർജ് ക്രോസ് സബ്സിഡി/സർചാർജ് തുടങ്ങിയവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് ബോർഡിനോട് ആവശ്യപ്പെടുകയുണ്ടായി. ടി നിർദ്ദേശങ്ങളനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ബോർഡ് സമർപ്പിച്ച എ.ആർ.ആർ. & ഇ.ആർ.സി. പ്രകാരം താഴെപ്പറയുന്ന രീതിയിൽ ഓപ്പൺ അക്സസ് ചാർജ്ജ് അനുവദിച്ചു നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

2014-15 വർഷത്തേക്കുള്ള ട്രാൻസ്മിഷൻ ചാർജ്ജ്, വീലിംഗ് ചാർജ്ജ്, ക്രോസ് സബ്സിഡി സർചാർജ്ജ്, അഡീഷണൽ സർചാർജ്ജ് തുടങ്ങിയവയുടെ വിശദാംശങ്ങൾ:

	വിശദാംശങ്ങൾ		രൂപ യൂണിറ്റിന്
1.	ട്രാൻസ്മിഷൻ ചാർജ്ജ്		0.38
2.	വീലിംഗ് ചാർജ്ജ്		0.95
3.	ക്രോസ് സബ്സിഡി സർചാർജ്ജ്		
		ഇ.എച്ച്.ടി. 66 കെ.വി.	1.82
		ഇ.എച്ച്.ടി. 110 കെ.വി.	1.72
		റെയിൽവേ	1.88
		എച്ച്.ടി.-I എ വ്യാവസായികം	1.57
		എച്ച്.ടി.-I ബി വ്യാവസായികം	1.87
		എച്ച്.ടി. -IV എ വാണിജ്യം	4.27
4.	2014-15 വർഷത്തേയ്ക്കുള്ള അഡീഷണൽ സർചാർജ്ജ്		1.12

മീറ്റർ വാടക പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് :

സംസ്ഥാനത്ത് 2002-നുശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ടി കാലയളവിൽ സിംഗിൾ ഫെയ്സ് മീറ്ററുകളുടേയും ത്രീ ഫെയ്സ് മീറ്ററുകളുടെയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫെയ്സ് മീറ്ററിന്റെ വില 250 മുതൽ 300 രൂപ വരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിച്ചിട്ടുള്ളത്. കൂടാതെ ത്രീ ഫെയ്സ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2200 രൂപയിലേക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും ത്രീ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 20 രൂപയിൽ നിന്നും 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക ഉടനാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റി സ്ഥാപിക്കേണ്ടിവരുന്ന പക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് കമ്മീഷൻ മുമ്പാകെ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി ഉപഭോക്താക്കളെ മീറ്റർ വാങ്ങി വയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് ബോർഡിന്റെ തെരഞ്ഞെടുത്ത ഓഫീസുകളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി ചോർച്ച തടയുന്നതിനുള്ള നടപടി

27 (7863) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം ചോർച്ചകൾ നിയന്ത്രിക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളിലായി നടപ്പിലാക്കിവരുന്നു.

1. എച്ച്.ടി.ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടംഘട്ടമായി മെച്ചപ്പെടുത്തുക.
2. 11 കെ.വി., 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
3. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
5. എൽ.ടി. ലൈനിലും എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ മാറ്റി സ്ഥാപിക്കുക.
6. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly